# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3751 — 25/06/2013 ൽ മറുപടിയ്ക്ക്

## നഗരങ്ങളിൽ പരിസ്ഥിതി മ്യൂസിയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>" അൻവർ സാദത്ത്<br>" വി.പി. സജീന്ദ്രൻ<br>" എം.എ. വാഹീദ് | സി.എൻ. ബാലകൃഷ്ണൻ<br>സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി |
| (എ) മലിനീകരണ നിയന്ത്രണ ബോർഡ് നഗരങ്ങളിൽ പരിസ്ഥിതി മ്യൂസിയം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ എറണാകുളത്തെ റീജിയണൽ ഓഫീസ് കെട്ടിടത്തിൽ ഒരു പരിസ്ഥിതി മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) മലിനീകരണ നിയന്ത്രണ ഉപാധികൾ, മലിനീകരണത്തോത് നിർണ്ണയത്തിനും സാമ്പിളുകൾ സ്വീകരിക്കുവാനുമുള്ള ഉപകരണങ്ങൾ, അനലറ്റിക്കൽ ഉപകരണങ്ങൾ എന്നിവയുടെ മാതൃകകൾ, മിനി തീയേറ്റർ, ടെക്നിക്കൽ ലൈബ്രറി എന്നിവയാണ് ഈ മ്യൂസിയത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജന ബോധവൽക്കരണമാണ് ഇതിന്റെ ഉദ്ദേശം. പരിസ്ഥിതി വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും എൻ.ജി.ഒ. കൾക്കും ഈ മ്യൂസിയം ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും. |
| (സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ,<br><br>(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) യും (ഡി) യും മ്യൂസിയത്തിന്റെ ഡിസൈൻ തയ്യാറാക്കാൻ താൽപര്യമുള്ളവരിൽ നിന്നും ബോർഡ് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ